# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 17, ബുധൻ*

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2014 ഡിസംബർ മാസം 17-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ......ഓർഡർ......ചോദ്യം നമ്പർ *361

ആദ്യചോദ്യകർത്താവായ ശ്രീ. എ. എ. അസീസ് സീറ്റിലില്ലാത്തതിനാൽ ശ്രീ. വി. എസ്. സുനിൽ കുമാറിന് ചോദ്യം ചോദിക്കാവുന്നതാണ്. ചോദ്യം ചോദിക്കുന്ന അംഗം സഭയിൽ ഇല്ലെങ്കിൽ മറ്റേതെങ്കിലും ഒരംഗം ആവശ്യപ്പെട്ടാൽ അത് അനുവദിക്കാവുന്നതാണ്.

ശ്രീ. പി. സി ജോർജ് : അങ്ങേയ്ക്ക് അതിനുള്ള അധികാരമുണ്ട്. പക്ഷെ ഇന്നലെ അത് നടന്നില്ല. ഇന്നലത്തെ ചോദ്യങ്ങൾക്ക് ആരെല്ലാം ചോദിക്കാനുണ്ടായിരുന്നു. എന്നിട്ടും അങ്ങ് അനുവദിച്ചില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്റെ അധികാരത്തിന്റെ കാര്യമല്ല. റൂളിൽ വളരെ വ്യക്തമായി പറയുന്നത് ചോദ്യം ചോദിക്കാനുള്ള അംഗം നിയമസഭയിൽ ഉണ്ടെങ്കിൽ മറ്റൊരംഗത്തിന് ചോദിക്കാൻ പാടില്ല എന്നാണ്. ശ്രീ. എ. എ. അസീസ് ഇന്ന് നിയമസഭയിൽ ഇല്ലാത്ത സാഹചര്യത്തിൽ മറ്റൊരംഗം ചോദിച്ചാൽ കൊടുക്കണമെന്ന് റൂൾ 43 -ൽ പറഞ്ഞിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ജയരാജൻ : ചോദ്യം ചോദിക്കാനുള്ള അംഗം ആതറൈസ് ചെയ്തുകൊടുക്കണ്ടേ ? അതാണ് ഇതുവരെയുള്ള കീഴ്‌വഴക്കം.

മി. ഡെപ്യൂട്ടി സ്പീക്കർ: വേണ്ട. ചോദ്യം ചോദിക്കേണ്ട അംഗം നിയമസഭയിൽ ഉണ്ടായിരുന്നിട്ട് അദ്ദേഹം ചോദിക്കുന്നില്ലെങ്കിൽ മറ്റൊരാൾക്ക് കൊടുക്കാൻ കഴിയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾ 44 പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതായിരിക്കും നല്ലത്. കാരണം റൂൾ 44-ൽ വേറെതരത്തിലൊരു പരാമർശം കാണുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ അതിന്റെ പ്രസക്ത ഭാഗം വായിക്കാം. Rules of Procedure and Conduct of Business - 43 (3) -ൽ if on a question being called the member in whose name it stands is absent the Speaker at the request of any member, may direct that the answer to it be given.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ക്വസ്റ്റ്യൻ ഫ്ലോറിൽ വന്നുകഴിഞ്ഞാൽ അത് സഭയുടെ പ്രോപ്പർട്ടിയാണ്. സഭയുടെ പ്രോപ്പർട്ടിക്കകത്തെ പ്രയോറിറ്റിയാണ് പ്രശ്നം. ക്വസ്റ്റ്യൻ ചോദിച്ച ആളുകൾക്കാണ് ഫസ്റ്റ് പ്രയോറിറ്റി. ക്വസ്റ്റ്യൻ ചോദിച്ച മെമ്പർ സഭയിൽ ഹാജരില്ലെങ്കിൽ സഭയുടെ പ്രോപ്പർട്ടിയായതുകൊണ്ട് ഏത് മെമ്പർക്കും അതിനെക്കുറിച്ച് ചോദിക്കാൻ കഴിയും എന്നാണ് അങ്ങ് അർത്ഥമാക്കിയതെന്ന് ഞാൻ മനസ്സിലാക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : അതനുസരിച്ചാണ് ശ്രീ. വി. എസ്. സുനിൽ കുമാറിനെ അനുവദിച്ചത്.

## സ്വകാര്യ ലാബുകളിലെ ഫീസ് ഏകീകരിക്കാൻ നടപടി

1 (*361) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സ്കാനിംഗ് സെന്ററുകൾ ഒരേതരം സ്കാനിംഗിന് ഈടാക്കുന്ന ഫീസ് വളരെ വ്യത്യസ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ സ്കാനിംഗ് സെന്ററുകൾക്ക് ഏകീകൃത ഫീസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് നിരവധി അനധികൃത ലാബുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly